## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2280** **8/12/2015-ൽ മറുപടിക്ക്**

# ഊർജ്ജോൽപ്പാദനവും സംരക്ഷണവും

**ചോദ്യം**

ശ്രീ. ഇ.കെ.വിജയൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജോൽപ്പാദനത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

നൂതന സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. ഊർജ്ജ സംരക്ഷണ വിഭാഗം (എസ്കോട്ട്).**

എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം എന്ന ഒരു വിഭാഗം 01.08.2013 -ൽ രൂപീകരിച്ചു.

**2. എനർജി ഓഡിറ്റിംഗ് .**

ഉപഭോക്താക്കളുടെ സ്ഥലത്ത് എനർജി ഓഡിറ്റ് നടത്തി അവർക്ക് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി ഊർജ്ജ ഉപഭോഗവും ഊർജ്ജ നഷ്ടവും കുറയ്ക്കുന്നു.

**3. ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ (DSM Cells).**

കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് ഡിവിഷനുകൾ കേന്ദ്രീകരിച്ച് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവത്കരണം നടത്തി വരുന്നു.

**4. വൈദ്യുതി സ്വയം പര്യാപ്തത.**

മലപ്പുറം ജില്ലയിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംര

ക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് നടത്തി വരുന്നു.

**5.** <u>ബോധവൽക്കരണ ക്ലാസ്സുകൾ.</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, കാർഷിക വ്യാവസായിക സ്ഥാപനങ്ങളിലും, സർക്കാർ സ്ഥാപനങ്ങളിലും റസിഡൻസ് അസോസിയേഷനുകൾ മുഖേനയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു.

**6.** <u>ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം.</u> ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഐസ് പ്ലാന്റുകളിൽ ഐസ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് ഉദ്ദേശം 50 ശതമാനം കുറയ്ക്കാൻ കഴിയുന്നതാണ്. ഒരു വർഷത്തിനുള്ളിൽ ഈ മേഖലയിൽ നിന്നും 48 മില്യൺ യൂണിറ്റ് സംരക്ഷിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**7.** <u>കാർഷിക മേഖലയിൽ ഊർജ്ജ സംരക്ഷണം.</u> കാർഷിക മേഖലയിൽ പുതുതായി സ്ഥാപിക്കുന്ന ഊർജ്ജ ക്ഷമതയുള്ള പമ്പിംഗ് സംവിധാനങ്ങളിലൂടെ ഏകദേശം 40 ശതമാനം ഊർജ്ജം സംരക്ഷിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

**8.** <u>സർക്കാർ ആശുപത്രികളിലെ ഊർജ്ജ സംരക്ഷണം.</u>

സർക്കാർ ആശുപത്രികളിലെ ഊർജ്ജ ക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്നത് വഴി ഊർജ്ജ സംരക്ഷണം നടന്നുവരുന്നുണ്ട്. ഇതുമൂലം പ്രതിവർഷം 1,50,000 യൂണിറ്റ് വൈദ്യുതി സംരക്ഷിക്കാൻ കഴിയും.

**9.** <u>വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കൽ</u>

വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി നൽകുന്നതിനുമായി ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ എന്ന പൈലറ്റ് പ്രോജക്ട് നടപ്പാക്കി പഠനം നടന്നു വരികയാണ്.

കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ചതും, നിർമ്മാണം നടക്കുന്നതും, ടെൻഡർ ക്ഷണിച്ചതും, ലക്ഷ്യം വച്ചിട്ടുള്ളതുമായ സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം -1 ആയും ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ അനുബന്ധം- 2 ആയും ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

U.S. Q. 160. 4930

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| | ആകെ | 1.146 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) | 0.700 | നിർമ്മാണം ആരംഭിച്ചു |
| 2 | പാലക്കാട് 5 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.047 | നിർമ്മാണം ആരംഭിച്ചു |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.0845 | 04.11.2015 ൽ കരാർ ഒപ്പു വച്ചു |
| 4 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | വർക്ക് ഓർഡർ നൽകി |
| 5 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 29.10.2015 ൽ കരാർ ഒപ്പു വച്ചു |
| 6 | പടിഞ്ഞാറത്തറ ഡാം | 0.400 | വർക്ക് ഓർഡർ നൽകി |
| | ആകെ | 3.4815 | |

## ടെൻഡർ ക്ഷണിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| 2 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്റ്റ് ഫ്ലോട്ടിംഗ് | 0.50 | വർക്ക് അവാർഡ് ചെയ്തു |
| 3 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | വർക്ക് ഓർഡർ നൽകി |
| 4 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | വർക്ക് ഓർഡർ നൽകി |
| 5 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | ടെൻഡർ വിളിച്ചു |
| 6 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | ടെൻഡർ വിളിച്ചു |
| 7 | പൊന്നാനി, മലപ്പുറം | 0.50 | ടെൻഡർ വിളിച്ചു |
| 8 | കൊട്ടിയം, കൊല്ലം | 0.60 | ടെൻഡർ വിളിച്ചു |
| 9 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്റ്റ് കനാൽ ടോപ്പ് | 3.00 | വർക്ക് ഓർഡർ നൽകി |
| 10 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്റ്റ് കനാൽ ബാങ്ക് | 1.00 | ടെൻഡർ വിളിച്ചു |
| 11 | പീരുമേട്, ഇടുക്കി | 0.50 | ടെൻഡർ വിളിച്ചു |
| 12 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | ടെൻഡർ വിളിച്ചു |
| 13 | ഏറ്റുമാനൂർ, കോട്ടയം | 1.00 | ടെൻഡർ വിളിച്ചു |
| 14 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | ടെൻഡർ വിളിച്ചു |
| 15 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | ടെൻഡർ വിളിച്ചു |
| 16 | മയിലാട്ടി, കാസർഗോഡ് | 1.00 | ടെൻഡർ വിളിച്ചു |
| | **ആകെ** | **15.4** | |

## ലക്ഷ്യം വയ്ക്കുന്ന പുതിയ സൗരോർജ്ജ/കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | കമ്പമല എസ്റ്റേറ്റ് | 0.040 | ഫോറസ്റ്റിന്റെ അനുമതി ലഭിച്ചിട്ടില്ല |
| 2 | കാസർഗോഡ് സോളാർ പാർക്ക് ഗ്രിഡ് കണക്ടഡ് ഗ്രൗണ്ട് | 200.00 | 487.71 ഏക്കർ സ്ഥലം 07.10.2015 ൽ എടുത്ത് ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു |
| 3 | കൊച്ചി ഫോർട്ട് ട്രസ്റ്റിൽ കെ.എസ്.ഇ.ബി യുടെ സ്ഥലത്ത് | 5 മെഗാവാട്ട് | |

| | | | |
|---|---|---|---|
| 4 | ചതുരംഗപ്പാറയിൽ മൈക്രോ ഗ്രിഡ് പദ്ധതി | 500 കിലോ വാട്ട് സോളാർ 800 കിലോ വാട്ട് വിൻഡ് | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട്. |
| 5 | അഗളി മോഡൽ പദ്ധതികൾ | 2 മെഗാവാട്ട് | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട് |
| 6 | പൂവാർ ഫിഷർമെൻ കോളനി | 1 മെഗാവാട്ട് | |
| | ആകെ സോളാർ<br>**ആകെ വിൻഡ്** | 208.54<br>0.8 | |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

[illegible] വർഷം എനർജി മാനേജ്മെന്റ് സെന്റർ മുഖേന [illegible] നടപ്പാക്കിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾക്ക് ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ

എനർജി മാനേജ്മെന്റ് സെന്റർ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ കേരളിത്തിൽ ഉടനീളം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.സ്.ഇ, പ്രൈവറ്റ് സ്കൂളുകൾ എന്നിവയെ ബന്ധിപ്പിച്ച് ഊർജ്ജ ക്ലബ്ബുകൾ രൂപീകരിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ ഡിസ്ട്രിക് കോർഡിനേറ്റർമാരേയും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിലായി 41 ജോയിന്റ് കോർഡിനേറ്റർ- മാരേയും നിയമിച്ചു.

SEP യുടെ ഭാഗമായി സംസ്ഥാനതലത്തിൽ എനർജി കോൺഗ്രസ്സ് 2015 എന്ന പേരിൽ സ്കൂൾകുട്ടികൾക്കായി മത്സരങ്ങൾ നടത്തി

വിദ്യാലയങ്ങൾ തോറും ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കാൻ എക്സിബി- ഷനുകളും, സെമിനാറുകളും, ശില്പശാലകളും നടത്തി.

കേരളത്തിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐ.റ്റി.ഐ, മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കാൻ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തി. 2014-15 സാമ്പത്തികവർഷത്തിൽ സ്കൂളുകളിലും കോളേജുകളിലുമായി 122 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

2) വാണിജ്യ / വ്യവസായ വൈദ്യുതി ഉപഭോക്താക്കൾക്കുള്ള കപ്പാസിറ്റി ബിൽഡിംഗ് പരിശീലന പരിപാടി

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തെരെഞ്ഞെടുക്കപ്പെട്ട സാങ്കേതിക വിദഗ്ദ്ധർക്കുവേണ്ടി ഏകദിന ശില്പശാലയും മുനിസിപ്പൽ ഡിമാന്റ് സൈഡ് മാനേജ്മെന്റിൽ കേരളത്തിലെ കോർപ്പറേഷനുകളിലെയും, മുനിസിപ്പാലിറ്റികളിലേയും പ്രതിനിധികൾക്കായി ശില്പശാലയും നടത്തി. നടത്തുകയുണ്ടായി.

കേരളത്തിലെ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റ് നടത്തുന്നതിനുള്ള എനർജി ഓഡിറ്റ് മാനുവൽ തയ്യാറാക്കി.

കേരളത്തിൽ ഊർജ്ജകാര്യക്ഷമതയുള്ള തെരുവുവിളക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്ട്രീറ്റ് ലൈറ്റിങ്ങ് പോളിസിയുടെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി ESCOT ലെ തെരെഞ്ഞെടുക്കപ്പെട്ട ഇരുപത്തഞ്ചിലധികം ഇഞ്ചിനീയർമാർക്ക് വേണ്ടി HVAC സിസ്റ്റത്തെപ്പറ്റി ഏകദിന ശില്പശാല നടത്തി.

എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിനെ സംബന്ധിച്ച് ഏകദിന/ദ്വിദിന ശില്പശാലകൾ സംഘടിപ്പിച്ചു.

3) <u>പൊതുജനങ്ങൾക്കായുള്ള ഊർജ്ജ സംരക്ഷണ ബോധവത്കരണ പരിപാടി</u>

പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ ബോധവത്കരണം നൽകുന്നതിന് വിവിധ എക്സിബിഷനുകളും, സെമിനാറുകളും, ശില്പശാലകളും നടത്തിവരുന്നു.

റെസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ മറ്റു സംഘങ്ങൾ എന്നിവയുമായി ചേർന്ന് ബോധവത്കരണ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

4) <u>പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ഊർജ്ജസംരക്ഷണ അവബോധം പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>

പത്ര പരസ്യങ്ങളും, വിവിധ മാസികകളിലൂടെയുള്ള പരസ്യങ്ങളും ശ്രവ്യമാധ്യമ പരസ്യങ്ങളും മുഖേന ജനങ്ങളിൽ ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി സന്ദേശങ്ങൾ എത്തിച്ചു.

തിരുവനന്തപുരം ആകാശവാണിയുമായി ചേർന്ന് 'ഹലോ ആകാശവാണി' എന്ന പരിപാടിയിലൂടെ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

6) <u>എനർജി ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനങ്ങൾ</u>

പൊതുജനങ്ങൾക്ക് ഊർജ്ജ സംരക്ഷണവുമായുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്നതിനുവേണ്ടി ടോൾഫ്രീ ഫോൺ നമ്പർ ആരംഭിച്ചു (18004255256). ഊർജ്ജസംരക്ഷണ ബോധവത്കരണം നൽകാൻ ലഘുലേഖകളും, പോസ്റ്ററുകളും അച്ചടിച്ച് സംസ്ഥാനത്തിലെ 6000 ത്തിലധികം വായനശാലകൾ വഴിയും, സന്നദ്ധസംഘടനകൾ വഴിയും വിതരണം ചെയ്തു. സർക്കാർ ആഫീസുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കാനായി സ്റ്റിക്കറുകൾ അച്ചടിച്ച് വിതരണം ചെയ്തു.

7) <u>വീട്ടമ്മമാർക്കുള്ള എനർജി ക്ലിനിക് പ്രോഗ്രാം വുമൺസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ എനർജി റിസർച്ച് ( WISER)</u>

വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ കാര്യങ്ങളിൽ അറിവ് പകരുന്നതിനായി എനർജി ക്ലിനിക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. AIWC, ഗാന്ധിസ്മാരക നിധി, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവവഴി വാളണ്ടിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

എനർജി ക്ലിനിക് എന്ന പരിപാടിയിലൂടെ 8200 വീടുകളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

8) <u>എനർജി ഓഡിറ്റ് സ്ഥാപനങ്ങളുടെ എംപാനലിങ്ങും എനർജി ഓഡിറ്റ് റിപ്പോർട്ടുകളുടെ അവലോകനവും</u>

കേരളത്തിലെ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിങ്ങ് നിർബന്ധമാക്കിക്കൊണ്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുന്നതിനുവേണ്ടി നാളിതുവരെ 33 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ സാങ്കേതിക വിദഗ്ധസമിതി അഭിമുഖം നടത്തി പരിശോധിച്ച് എംപാനൽ ചെയ്ത് ഇ.എം.സി വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വൻകിട

ഊർജ്ജ ഉപഭോക്താക്കളിൽ നിന്നും ലഭിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ 2014-15 സാമ്പത്തികവർഷത്തിൽ സാങ്കേതിക വിദഗ്ധസമിതി മൂന്നുദിവസം അഭിമുഖം നടത്തി 58 റിപ്പോർട്ടുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചു.

9) <u>ഹോം എനർജി ഓഡിറ്റർമാർക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സ്</u>

ഹോം എനർജി ഓഡിറ്റ് പദ്ധതി നടത്തിപ്പിലേക്കായി സംസ്ഥാനത്തെ പത്ത് ജില്ലകളിൽ വെച്ച് വയർമാൻമാർക്ക് പരിശീലനം നൽകാൻ ഏകദിന ശില്പശാലകൾ നടത്തി. വീടുകളിലെ വൈദ്യുതി ഉപയോഗ ഓഡിറ്റിങ്ങ് നടത്താൻ ഇവരെ പ്രാപ്തരാക്കുക എന്നതായിരുന്നു ലക്ഷ്യം. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1200-ൽ അധികം വയർമാൻമാർക്കാണ് പരിശീലനം നൽകിയത്. അതിനുശേഷം തെരഞ്ഞെടുക്കപ്പെട്ട വയർമാൻമാർക്ക് തിരുവനന്തപുരത്തുവെച്ച് ദ്വിദിന ശില്പശാല നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു.